File No.FWLD-C1/35/2020-FWLD

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744 04.03.2020-ലെ മറുപടിയ്ക്ക്

വന സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. പി.ടി തോമസ്<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി എത്ര കോടി രൂപയാണ് 2019-20 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ; | (എ) | പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനം സംരക്ഷിക്കുന്നതിനായി ജണ്ടകൾ നിർമ്മിക്കുന്നതിലേയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 4406-01-101-99 വന സംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വന സംരക്ഷണവും) എന്ന ശീർഷകത്തിൽ 29 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി ബഡ്ജറ്റ് ശീർഷകത്തിൽ പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനം സംരക്ഷിക്കുന്നതിനായി, വനാതിർത്തികളുടെ സർവ്വേയും അതിർത്തി തിരിക്കലും (ജണ്ട നിർമ്മാണം), വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടേയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം മുതലായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | നാളിതുവരെ ഇതിനായി എത്ര രൂപ ചെലവഴിച്ചെന്നും എന്തെല്ലാം പ്രവൃത്തികൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | നാളിതുവരെ ഇതിനായി സർക്കിൾ തലത്തിൽ ചെലവഴിച്ച തുകയും പ്രവൃത്തിയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നുവെന്നും വിശദമാക്കാമോ ? | (സി | നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

## File No.FWLD-C1/35/2020-FWLD

### അനുബന്ധം

| ക്രമ നമ്പർ | സർക്കിൾ | ചെലവാക്കിക തുക | പ്രവൃത്തി (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 219.69 | സോളാർ ഫെൻസിംഗ് - 12.09 ലക്ഷം രൂപ; ജണ്ട നിർമ്മാണം - 206.60 ലക്ഷം രൂപ |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 139.88 | ജണ്ട നിർമ്മാണം |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | ഇല്ല | ഇല്ല |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 181.27 | സർവ്വേ പ്രവർത്തികൾ, ജണ്ട നിർമ്മാണം |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 71.12 | ജണ്ട നിർമ്മാണം |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ, തിരുവനന്തപുരം | ഇല്ല | ഇല്ല |
| 7 | ഫീൽഡ് ഡയറക്ടർ (പ്രോജക്റ്റ് ടൈഗർ) കോട്ടയം | 11.96 | ജണ്ട നിർമ്മാണം, ബൗണ്ടറി പില്ലർ നിർമ്മാണം |
| 8 | വന്യജീവി വിഭാഗം നോർത്തേൺ റീജിയൺ, പാലക്കാട് | 34.63 | ജണ്ട നിർമ്മാണം |

സെക്ഷൻ ഓഫീസർ